പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5395** **28.07. 2015-** ലെ മറുപടി

**വിമാന കമ്പനികളുടെ ചൂഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സീസൺ സമയത്ത് വിദേശത്തേയ്ക്കുള്ള വിമാന യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നത് മൂലം പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന വ്യക്തമാക്കുമോ;<br><br>സി)കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യം ശക്തമായി ഉന്നയിച്ച് പ്രവാസികളെ വിമാന കമ്പനികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി & സി) പ്രവാസികൾ ഏറെയുള്ള സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്ന വിമാന കമ്പനികളുടെ പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ നിരന്തര സമ്മർദ്ദം ചെലുത്തി വരുന്നു. തിരക്കുള്ള സമയത്ത് യാത്രാ നിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ബഹു. മുഖ്യമന്ത്രിയും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശന വേളയിൽ നേരിട്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് മേഖലയിലേക്ക് മതിയായ വിമാന സർവ്വീസുകൾ ഉറപ്പാക്കണമെന്നും എയർലൈനുകൾ തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും നോർക്ക വകുപ്പ് കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും എയർ ഇന്ത്യ എക്സ്പ്രസ്സിനോടും കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള |

നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് എയർലൈനുകൾ യാത്രാക്കൂലി നിശ്ചയിക്കുന്ന രീതി അറിയുന്നതിനും പട്ടികയിലുള്ള ആഭ്യന്തര എയർലൈനുകൾ അമിത നിരക്ക് ഈടാക്കുന്നതും പൊടുന്നനെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതും തടയുവാനും എയർലൈനുകൾ അവരുടെ വെബ്സൈറ്റിൽ ഓരോ റൂട്ടിലേയും എല്ലാ വിഭാഗത്തിലുമുള്ള ടിക്കറ്റ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ